بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ

# Khutba Khulasa 18.09.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ബിലാൽ ബിൻ റബാഹ്(റ)-II

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَ اَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ۔ اَمَّا بَعْدُ

فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ اَلرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَ اِيَّاكَ نَسْتَعِيْنُ ۞

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

തശഹ്ഹുദും തഅവ്വുദും സൂറഃഫാതിഹയും ഓതിയ ശേഷം ഹുസൂർ തിരുമനസ്സ് പറഞ്ഞു:

ബദ്രി സ്വഹാബാക്കളിലെ ഹദ്റത്ത് ബിലാൽ(റ)നെ സംബന്ധിച്ച അനുസ്മരണമാണ് നടന്നുവരുന്നത്. ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു; തിരുനബി(സ), ഖയ്ബർ യുദ്ധത്തിൽ നിന്ന് തിരിച്ചുവരുമ്പോൾ രാത്രി മുഴുവൻ യാത്രയിലായിരുന്നു. തിരുനബി(സ)ക്ക് ഉറക്കം വന്നപ്പോൾ വിശ്രമിക്കാൻ വേണ്ടി ഒരിടത്ത് തമ്പടിച്ചു. തുടർന്ന് ഫജ്ർ നമസ്കാരത്തിൽ ഉണർത്തണമെന്നു ബിലാലിനോട് പറഞ്ഞു. ഹദ്റത്ത് ബിലാൽ, തന്റെ കഴിവിന്റെ പരമാവധി രാത്രി നേരത്ത് നഫൽ അനുഷ്ഠിച്ചുകൊണ്ടിരുന്നു. തിരുനബി(സ)യും സ്വഹാബാക്കളും ഉറങ്ങുകയും ചെയ്തു. അങ്ങനെ ഫജ്റിന്റെ സമയം സമീപസ്ഥമായപ്പോൾ, ബിലാലിനും നല്ല ഉറക്കം വന്നു. ചുരുക്കത്തിൽ ബിലാൽ(റ)ഉം തിരുനബി(സ)ന്റെ മറ്റ് സ്വഹാബാക്കളും ഉണർന്നില്ല. അങ്ങനെ അവർക്ക് മേൽ വെയിൽ പതിക്കാൻ തുടങ്ങി. തിരുനബി(സ)മാണ് ഏറ്റവും ആദ്യം ഉണർന്നത്. നബി(സ) ആശങ്കാകുലനായി വിളിച്ചു: ബിലാൽ! ബിലാൽ! അപ്പോൾ ബിലാൽ സവിനയം ഉണർത്തിച്ചു; യാ റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ അങ്ങേക്ക് തെണ്ടമായിരിക്കട്ടെ, എനിക്കും നല്ല ഉറക്കം വന്നു. തിരുനബി(സ) പറഞ്ഞു, പുറപ്പെടാം. അങ്ങനെ അവർ കുറച്ച് മുമ്പോട്ട് പോയി. പിന്നെ തിരുനബി(സ) നില്ക്കാൻ കല്പിച്ചു. പിന്നെ നബി(സ) സൂര്യൻ ഉദിച്ചശേഷം സുബ്ഹി നമസ്കരിപ്പിച്ചു. നമസ്കാരം നിർവഹിച്ചതിനുശേഷം നബി(സ) പറഞ്ഞു: നമസ്കാരം മറന്നുപോയാൽ, ഓർമ വരുമ്പോൾ നമസ്കരിക്കേണ്ടതാണ്. കാരണം അല്ലാഹു പറയുന്നു; എന്റെ സ്മരണ നിലനിർത്താൻ നമസ്കരിക്കുക.

മക്കാവിജയമുണ്ടായ ദിവസം റസൂലുല്ലാഹ്(സ) കഅ്ബക്കുള്ളിൽ പ്രവേശിച്ചപ്പോൾ തിരുനബി(സ)ന്റെ കൂടെ ഹദ്റത്ത് ബിലാലും ഉണ്ടായിരുന്നു. ഹദ്റത്ത് ഇബ്നു ഉമർ പറയുന്നു; ഞാൻ വേഗം മുന്നോട്ട് ഗമിച്ചു. ഹദ്റത്ത് ബിലാലിനോട് ചോദിച്ചു: തിരുനബി(സ) കഅബക്ക് അകത്ത് നമസ്കരിച്ചോ? അദ്ദേഹം പറഞ്ഞു: അതെ. നമസ്കരിച്ചു. ഞാൻ ചോദിച്ചു: എവിടെയാണ് നമസ്കരിച്ചത്? അദ്ദേഹം പറഞ്ഞു: രണ്ട് തൂണുകൾക്കിടയിൽ. ഹദ്റത്ത് ബിലാൽ, തിരുനബി(സ) കഅബക്ക് അകത്ത് എവിടെ നിന്നാണ് നമസ്കരിച്ചതെന്ന് പിന്നീട് ജനങ്ങളോട് പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് ഇബ്നു അബീമുലൈക നിവേദനം ചെയ്യുന്നു; മക്കാവിജയ ദിവസം, നബി(സ), ഹദ്റത്ത് ബിലാലിനോട് കഅബയുടെ മട്ടുപ്പാവിൽ കയറി ബാങ്ക് കൊടുക്കാൻ കല്പിക്കുകയും ഹദ്റത്ത് ബിലാൽ കഅബയുടെ മട്ടുപ്പാവിൽ കയറി ബാങ്ക് കൊടുക്കുകയുമുണ്ടായി.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി, മക്കാ വിജയാവസരത്തിൽ ഹദ്റത്ത് ബിലാലിനെ സംബന്ധിച്ചു പരാമർശിച്ചുകൊണ്ട് പറയുന്നു; ഈ സംഭവത്തിലെ ഏറ്റവും മഹത്തായ കാര്യം ബിലാലിന്റെ പതാകയാണ്. റസൂൽ തിരുമേനി(സ) ബിലാലിന്റെ പതാകയാണ് ഉണ്ടാക്കിയത്. പറയുന്നു; ബിലാലിന്റെ കൊടിക്കീഴിൽ വരുന്നവർ സുരക്ഷിതരായിരിക്കും. ഈ കല്പനയിൽ ഏറെ സൂക്ഷ്മമായ യുക്തി അടങ്ങിയിരിക്കുന്നു. മക്കയിലെ ആളുകൾ ബിലാലിനെ കാലുകളിൽ കയറുകെട്ടി തെരുവോരങ്ങളിലൂടെ വലിച്ചിഴച്ചിരുന്നു. മക്കയിലെ തെരുവുകളും മൈതാനങ്ങളും ബിലാലിന് സമാധാന സങ്കേതമായിരുന്നില്ല. മറിച്ച് മർദ്ദനങ്ങളുടേയും അപമാനത്തിന്റേയും അവഹേളനത്തിന്റേയും ഇടമായിരുന്നു. ഇന്ന് ബിലാലിന്റെ ഹൃദയം പകരം ചോദിക്കാൻ കൂടെ കൂടെ വെമ്പുന്നുണ്ടായിരിക്കുമെന്നും തന്റെ ആത്മാർഥ സുഹൃത്തിന്റെ പ്രതികാരം വളരെ അനിവാര്യമാണെന്നും എന്നാൽ നമ്മുടെ പ്രതികാരം ഇസ്ലാമിന്റെ പ്രൗഢിക്ക് അനുസൃതമായിരിക്കണമെന്നും തിരുനബി(സ) ചിന്തിച്ചു. വാളുകൊണ്ട് ശത്രുവിന്റെ ശിരസുകൾ കൊയ്തുകൊണ്ടല്ല തിരുനബി(സ) ബിലാലിന്റെ പ്രതികാരം ചെയ്തത്. മറിച്ച് അദ്ദേഹത്തിന്റെ സഹോദരന്റെ കയ്യിൽ ഒരു പതാ

ക നല്കുകയും തന്റെ സഹോദരന്റെ കൊടികീഴിൽ വരുന്നവർ സുരക്ഷിതരായിരിക്കുമെന്ന് വിളംബരപ്പെടുത്താൻ ബിലാലിനെ ഏല്പിക്കുകയും ചെയ്തു. എത്ര ഉന്നതമായ, മനോഹരമായ പ്രതികാരമാണിത്! മക്കക്കാരേ! എന്റെ സഹോദരന്റെ കൊടികീഴിൽ വന്നാൽ നിങ്ങൾക്ക് സംരക്ഷണം നല്കപ്പെടുമെന്ന് ഉച്ചൈസ്തരം വിളംബരപ്പെടുത്തുമ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്ന് സ്വയമേവ പ്രതികാരവാഞ്ഛ ഇല്ലാതായിട്ടുണ്ടാകും. തിരുനബി(സ), എനിക്ക് വേണ്ടി, പ്രതികാരത്തിന് വേണ്ടി നിർദ്ദേശിച്ചതിനേക്കാൾ ഉത്തമവും മനോഹരവുമായ പ്രതികാരം എനിക്ക് വേണ്ടി മറ്റൊന്നുമില്ലെന്ന് അദ്ദേഹത്തിന് ബോധ്യപ്പെട്ടിട്ടുണ്ടാകും.

ഹദ്റത്ത് അബ്ദുല്ലാഹ് ബിനു ഉമർ നിവേദനം ചെയ്യുന്നു; അദ്ദേഹം ഈദു ദിവസം, തിരുനബി(സ)ക്കു മുന്നിൽ കുന്തവുമായി നടക്കുമായിരുന്നു. പിന്നെ തിരുനബിക്ക് മുൻഭാഗത്ത് അത് തറച്ചുവെക്കുകയും ചെയ്തിരുന്നു. നബി(സ) അതിന് അഭിമുഖമായി നിന്നുകൊണ്ടാണ് നമസ്ക്കരിച്ചിരുന്നത്. റസൂൽ തിരുമേനി(സ)ന്റെ വഫാത്തിനുശേഷം ഹദ്റത്ത് ബിലാൽ, ഹദ്റത്ത് അബൂബക്കറിന് മുന്നിൽ അതുമായി നേരത്തെ പറഞ്ഞതുപോലെ നടന്നിരുന്നു.

മൂസാ ബിൻ മുഹമ്മദ് തന്റെ പിതാവിൽ നിന്ന് നിവേദനം ചെയ്യുന്നു, റസൂലുല്ലാഹ്(സ) വഫാത്തായപ്പോൾ തിരുനബി(സ)നെ മറവടക്കുന്നതിന് മുമ്പ് അന്നേ ദിവസം ഹദ്റത്ത് ബിലാൽ ബാങ്ക് കൊടുത്തിരുന്നു. അദ്ദേഹം അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹ് എന്ന് പറഞ്ഞപ്പോൾ മസ്ജിദിൽ ജനങ്ങളുടെ വിതുമ്പി കരയുന്ന ശബ്ദമുയർന്നു. തിരുനബി(സ)യെ മറവാടിയതിനുശേഷം ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ബിലാലിനോട് ബാങ്ക് കൊടുക്കാൻ പറഞ്ഞപ്പോൾ ഹദ്റത്ത് ബിലാൽ മറുപടിയായി പറഞ്ഞു; താങ്കൾ എന്നെ അല്ലാഹുവിനുവേണ്ടിയാണ് സ്വതന്ത്രനാക്കി യതെങ്കിൽ എന്നെ സ്വതന്ത്രനാക്കിയ കാര്യത്തിനു വേണ്ടി വിട്ടയച്ചാലും! ഹദ്റത്ത് അബൂബക്കർ പറഞ്ഞു; ഞാൻ താങ്കളെ അല്ലാഹുവിനെ മുൻനിർത്തിയാണ് സ്വതന്ത്രനാക്കിയത്. അപ്പോൾ ഹദ്റത്ത് ബിലാൽ പറഞ്ഞു; തിരുനബി(സ)ന്റെ വഫാത്തിനുശേഷം ഇനി ഞാൻ മറ്റാർക്കുവേണ്ടിയും ബാങ്ക് കൊടുക്കുന്നതല്ല. ഹദ്റത്ത് അബൂബക്കർ പറഞ്ഞു; താങ്കളുടെ ഇഷ്ടം. തുടർന്ന് ഹദ്റത്ത് ബിലാൽ മദീനയിൽ തന്നെ താമസിച്ചു. അങ്ങനെ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്ത് കാലത്ത് സിറിയയിലേക്ക് സൈന്യം പുറപ്പെട്ടപ്പോൾ ഹദ്റത്ത് ബിലാലും ആ സൈന്യത്തോടൊപ്പം പോയി. ഉസ്ദുൽ ഗാബയിലെ നിവേദനപ്രകാരം പറയുന്നു: ഹദ്റത്ത് ബിലാൽ ഹദ്റത്ത് അബൂബക്കറിനോട് പറഞ്ഞു; താങ്കൾ എന്നെ താങ്കൾക്ക് വേണ്ടിയാണ് സ്വതന്ത്രനാക്കിയതെങ്കിൽ താങ്കളുടെ അടുക്കൽ തന്നെ നിർത്തി കൊള്ളുക. എന്നാൽ താങ്കൾ എന്നെ അല്ലാഹുവിന്റെ മാർഗത്തിലാണ് സ്വതന്ത്രനാക്കിയതെങ്കിൽ എന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദിന് വിടുക. അപ്പോൾ ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ബിലാലിനോട് പറഞ്ഞു; പോയ്ക്കൊള്ളുക. അങ്ങനെ ഹദ്റത്ത് ബിലാൽ സിറിയയിലേക്ക് പോയി. വഫാത്ത് വരേയും അവിടെതന്നെ താമസിച്ചു. അധികം നിവേദനങ്ങളിലും കാണപ്പെടുന്നത്, അദ്ദേഹം ഹദ്റത്ത് അബൂബക്കറിന്റെ കാലത്തല്ല മറിച്ച് ഹദ്റത്ത് ഉമറിന്റെ കാലത്തായിരുന്നു പോയതെന്നാണ്. ഒരു നിവേദനപ്രകാരം ഹദ്റത്ത് ബിലാൽ, റസൂലുല്ലാഹ്(സ)ന്റെ വഫാത്തിനുശേഷം ഹദ്റത്ത് അബൂബക്കറിന്റെ ഖിലാഫത്ത് കാലത്തും ബാങ്ക് കൊടുത്തിരുന്നു.

ഒരു നിവേദനത്തിൽ പറയുന്നു; ഒരിക്കൽ ഹദ്റത്ത് ബിലാൽ, തിരുനബി(സ)നെ ഒരു സ്വപ്നത്തിൽ കാണുകയുണ്ടായി. തിരുനബി(സ) പറഞ്ഞു; ബിലാൽ! നമ്മെ സന്ദർശിക്കാൻ വരാനുള്ള സമയം ഇനിയുമായിട്ടില്ലേ? ഇത് എന്തുമാത്രം കഠോരഹൃദയതയാണ്! ഹദ്റത്ത് ബിലാൽ വളരെ സങ്കടത്തോടെ ഉണർന്നു. അന്ന് സിറിയയിലായിരുന്നു. അദ്ദേഹം മദീനയിലേക്ക് പുറപ്പെട്ടു. തിരുനബി(സ)ന്റെ പരിശുദ്ധ മഖ്ബറയിൽ പോയി. അനിയന്ത്രിതമായി കരയാൻ തുടങ്ങി. അദ്ദേഹം തേങ്ങുകയായിരുന്നു. ഇത്രയുമായപ്പോഴേക്കും ഹദ്റത്ത് ഹസനും ഹുസൈനും എത്തി. ഹദ്റത്ത് ബിലാൽ, അവരെ ഉമ്മ വെച്ചു. അവരെ ആലിംഗനം ചെയ്യുകയുമുണ്ടായി. അപ്പോൾ ഹദ്റത്ത് ഹസനും ഹദ്റത്ത് ഹുസൈനും ഹദ്റത്ത് ബിലാലിനോട് പറഞ്ഞു; സുബ്ഹിക്ക് താങ്കൾ ബാങ്ക് കൊടുക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. അങ്ങനെ അദ്ദേഹം മസ്ജിദിന്റെ മട്ടുപ്പാവിൽ കയറി. നിവേദകൻ പറയുന്നു, ഹദ്റത്ത് ബിലാൽ, അല്ലാഹു അക്ബർ, അല്ലാഹു അക്ബർ എന്നീ പദങ്ങൾ പറഞ്ഞപ്പോൾ തന്നെ മദീന പ്രകമ്പനം കൊണ്ടു. തുടർന്ന് അദ്ദേഹം *അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹ്* എന്ന് പറഞ്ഞപ്പോൾ കുറേക്കൂടി പ്രകമ്പനമുണ്ടായി. ജനങ്ങൾ ഞെട്ടിയുണർന്നു. പിന്നെ അദ്ദേഹം *അശ്ഹദു അന്ന മുഹമ്മദർ റസൂലുല്ലാഹ്* എന്ന് പറഞ്ഞപ്പോൾ, സ്ത്രീകൾ തങ്ങളുടെ മുറികളിൽ നിന്ന് പുറത്തേക്ക് വരാൻ തുടങ്ങി. നിവേദകൻ പറയുന്നു, ഒരിക്കലും സ്ത്രീകളും പുരുഷന്മാരും അന്നത്തേക്കാൾ കൂടുതൽ കരഞ്ഞതായി കാണപ്പെട്ടിട്ടില്ല. തിരുനബി(സ)ന്റെ കാലവും ആ ബാങ്കും ഓർമ വന്നപ്പോൾ ജനങ്ങൾ അസ്വസ്ഥരായി മാറി.

സയ്ദ് ബിനു അസ്‌ലം നിവേദനം ചെയ്യുന്നു, ബനൂ അബീ ബുക്കൈർ, തിരുനബി(സ)ന്റെ സവിധത്തിലെത്തി, ഇന്ന ആളുമായി ഞങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തണമെന്ന് അപേക്ഷിച്ചു. തിരുനബി(സ) പറഞ്ഞു; ബിലാലിനെ പറ്റി എന്താണ് നിങ്ങളുടെ അഭിപ്രായം? അവർ രണ്ടാമതും വന്ന് പറഞ്ഞു; യാ റസൂലല്ലാഹ്, ഇന്ന വ്യക്തിയുമായി ഞങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തി തന്നാലും! തിരുനബി(സ) അവരോട് ചോദിച്ചു; ബിലാലിനെ പറ്റി എന്താണ് നിങ്ങളുടെ അഭിപ്രായം? മൂന്നാമതും വന്നു പറഞ്ഞു; യാ റസൂലല്ലാഹ്! ഇന്ന വ്യക്തിയുമായി ഞങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തി തന്നാലും! തിരുനബി(സ) പറഞ്ഞു; ബിലാലിനെ പറ്റി എന്താണ് ജനങ്ങളുടെ അഭിപ്രായം? അതായത് സ്വർഗവാസികളിൽപെട്ട വ്യക്തിയെ സംബന്ധിച്ച് എന്താണ് അഭിപ്രായം? നിവേദകൻ പറയുന്നു; അപ്പോൾ അവർ ഹദ്റത്ത് ബിലാലുമായി തങ്ങളുടെ സഹോദരിയുടെ വിവാഹം നടത്തി.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് ബിലാലിന്റെ സ്ഥാനമാഹാത്മ്യം പരാമർശിച്ചുകൊണ്ട് ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: ഹദ്റത്ത് ഉമർ, തന്റെ ഖിലാഫത്ത് കാലത്ത് ഒരിക്കൽ മക്കയിൽ വന്നു. അപ്പോൾ, ഒരുകാലത്ത് തലയിലെ മുടിയിൽ പിടിച്ച് വലിച്ചിഴക്കപ്പെട്ടിരുന്ന അടിമവംശജരായ സ്വഹാബാക്കകൾ ഓരോരുത്തരായി ഹദ്റത്ത് ഉമറിനെ സന്ദർശിക്കാൻ വന്നു തുടങ്ങി. ഓരോ പ്രാവശ്യവും ഹദ്റത്ത് ഉമർ, അവിടെ മുമ്പേ വന്നിരുന്ന മൂപ്പൻമാരോട് പിന്നിലേക്ക് മാറിയിരിക്കാനും ഈ വരുന്നവർക്ക് സ്ഥലം കൊടുക്കാനും നിർദേശിച്ചുകൊണ്ടിരുന്നു. അടിമവംശജരായ സ്വഹാബാക്കൾ മുറിയിൽ നിറഞ്ഞപ്പോൾ മൂപ്പൻമാർക്ക് ചെരുപ്പു വയ്ക്കുന്നിടത്ത് ഇരിക്കേണ്ട ഗതികേട് വന്നു. ഈ നിന്ദ്യത അവർക്ക് സഹിക്കാൻ കഴിയുമായിരുന്നില്ല. ഹുസൂർ തിരുമനസ്സ് പറയുന്നു: ചുരുക്കത്തിൽ ത്യാഗം ചെയ്യുമ്പോഴാണ് സ്ഥാനമാനങ്ങൾ ലഭിക്കുക. ആദ്യം മുതൽ ത്യാഗം ചെയ്യുകയും കൂറ് കാണിക്കുകയും ചെയ്തവർ, അവർ നീഗ്രോ അടിമയാണെങ്കിലും അതല്ല മറ്റേത് വംശജനാണെങ്കിലും അവരുടെ സ്ഥാനം ഏതായാലും ഉന്നതമായിരിക്കുമെന്നാണ് ഇസ്‌ലാമിന്റെ പാഠം. ഈ സ്ഥാനമാണ് ഇസ്‌ലാം അവകാശമായി നൽകിയത്. അതാണ് യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. അതാണ് എല്ലാവർക്കും ലഭിക്കുക. ത്യാഗങ്ങൾ ചെയ്യുന്നവർക്കും കൂറ് പുലർത്തുന്നവർക്കും ജീവൻ ബലിയർപ്പിക്കുന്നവർക്കും എല്ലാം ത്യജിക്കുന്നവർക്കുമാണ് സ്ഥാനമാനങ്ങൾ ലഭിക്കുക.

പറഞ്ഞു: ഹദ്റത്ത് ബിലാലിന്റെ അനുസ്മരണം തുടരുന്നതാണ്. ഇൻശാ അല്ലാഹ് തുടർന്നും വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَیَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ ۔


Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 18.09.2020

Malayalam Translation: **Moulavi H.Shamsuddin, Kavassery** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516